# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2726** **12.02.2019 ലെ മറുപടി**

## കടിവെള്ള വിതരണം പുനസ്ഥാപിക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.കെ.വി.വിജയദാസ് :**

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) പ്രളയത്തെത്തുടർന്ന് കോങ്ങാട് മണ്ഡലത്തിലെ പറളി പ്രദേശത്ത് ഭാരതപ്പുഴയിലുണ്ടായിരുന്ന തടയണ തകർന്നുപോയിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) ഇതുമൂലം ഈ പ്രദേശത്തെ കുടിവെള്ള വിതരണം തകരാറിലായത് പുനസ്ഥാപിക്കുന്നതിനും പുതിയ തടയണ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(എ)യും (ബി)യും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രളയത്തെത്തുടർന്ന് പറളി പഞ്ചായത്തിലെ പഴയ റയിൽവേ സ്റ്റേഷന് സമീപത്ത് ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള തടയണയുടെ വലതു ബണ്ട് തകർന്നുപോയിരുന്നു. തുടർന്ന് കരഭാഗം വെള്ളത്തിൽ കുത്തിയൊലിച്ചു പോകുകയും റയിൽ പാളം വെള്ളപ്പൊക്ക ഭീഷണി നേരിടുകയും ചെയ്തു. പൊളിഞ്ഞ കരഭാഗം കൂടുതൽ സ്ഥലത്തേക്ക് വ്യാപിക്കാതിരിക്കാനും റയിൽപാളത്തെ സംരക്ഷിക്കുന്നതിനുമായി 7.06 ലക്ഷം രൂപയുടെ അടിയന്തിര പ്രവൃത്തിക്ക് സാമ്പത്തികാനുമതി നല്കുകയും പ്രസ്തുത പ്രവൃത്തി ക്വട്ടേഷൻ വഴി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പ്രസ്തുത തടയണയുടെ തകർന്നുപോയ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് വേണ്ടി 10.9 ലക്ഷം രൂപയുടെ സാമ്പത്തികാനുമതിയും ഭരണാനുമതിയും നല്കി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രസ്തുത തടയണയുടെ ജലചോർച്ച തടയുന്നതിനുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്ക് 96 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ പറളി തടയണയിൽ വെള്ളം സംഭരിക്കുന്നതിനും പഞ്ചായത്തിന് കുടിവെള്ള വിതരണം നടത്തുന്നതിനും സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**